Uncorrected/Not for publication

**അറിയിപ്പ്**

<u>കാര്യവിവരപ്പട്ടികയിൽ സമയം ദീർഘിപ്പിക്കുന്നതിനുള്ള
പ്രമേയം ഉൾപ്പെടുത്താത്തത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ സംബന്ധിച്ച് സെലക്ട് കമ്മിറ്റി റിപ്പോർട്ടിനുള്ള സമയം ദീർഘിപ്പിക്കണമെന്ന പ്രമേയവുമായി ബന്ധപ്പെട്ട് ശ്രീ. വി. ഡി. സതീശൻ ഒരു ക്രമപ്രശ്നം ഉന്നയിച്ചിട്ടുണ്ട്. റൂൾ 230 അനുസരിച്ച് സമയ ദൈർഘ്യമാവശ്യപ്പെട്ട് പ്രമേയം അവതരിപ്പിക്കുന്ന കാര്യം കാര്യവിവര പട്ടികയിൽ ഉൾപ്പെടുത്താതെ പോയി എന്നുള്ളതാണ് അദ്ദേഹത്തിന്റെ നിരീക്ഷണം. അതു ശരിയാണ്. ഇന്നത്തെ കാര്യവിവരപട്ടികയിൽ അത് ഉൾപ്പെടുത്തേണ്ടതായിരുന്നു. കാര്യവിവരപ്പട്ടികയിൽ അത് ഉൾപ്പെട്ടതായി കാണുന്നില്ല. ഇത് എങ്ങനെ സംഭവിച്ചു എന്നുള്ളതിനെ സംബന്ധിച്ച് പരിശോധിക്കുന്നതും മേലിൽ ആവർത്തിക്കാതിരിക്കാനുള്ള കർശന നടപടി സ്വീകരിക്കുന്നതുമാണ്.